**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1832** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ലോക്കൽ റൂട്ട് സർവീസുകൾ പുനഃസ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് റദ്ദ് ചെയ്തതും മട്ടന്നൂർ നിയോജകമണ്ഡലത്തിലൂടെ സർവീസ് നടത്തിയിരുന്നതുമായ തലശ്ശേരി-കൂത്തുപറമ്പ്-കരേറ്റ-കാഞ്ഞിലേരി-മാലൂർ കെ.എസ്.ആർ.ടി.സി. ബസിന്റെ വൈകുന്നേരത്തെ ട്രിപ്പ് പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിലൂടെ നടത്തിയിരുന്ന തലശ്ശേരി-കൂത്തുപറമ്പ്-കരേറ്റ-കാഞ്ഞിലേരി-മാലൂർ സർവീസ് കോവിഡാനന്തരം 12 മണിക്കൂർ സ്റ്റിയറിംഗ് ക്രമീകരണമുള്ള ഡ്യൂട്ടി പാറ്റേണിലേയ്ക്ക് മാറ്റപ്പെടുകയുണ്ടായി. ടി സമയത്ത് യാത്രക്കാർ കുറവായതിനാലും ആയതിൽ വരുമാന നഷ്ടം ഉണ്ടായതിനാലും പ്രസ്തുത ഷെഡ്യൂളിലെ ടി ട്രിപ്പ് ഒഴിവാക്കേണ്ടതായി വന്നു. നിന്നുപോയ സർവ്വീസുകൾ / ട്രിപ്പുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിൽ നഷ്ടത്തിലോടുന്ന ട്രിപ്പുകൾ ഉൾപ്പെടുത്തി എത്രയും വേഗം സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവൃത്തി നടന്നു വരുന്നു. |
| (ബി) | കോവിഡ് കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി.യുടെ ലോക്കൽ റൂട്ട് സർവീസുകൾ പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മട്ടന്നൂർ നിയോജകമണ്ഡലത്തിലൂടെ നടത്തിയിരുന്ന തലശ്ശേരി-കൂത്തുപറമ്പ്-കരേറ്റ-കാഞ്ഞിലേരി-മാലൂർ സർവീസ് കോവിഡാനന്തരം 12 മണിക്കൂർ സ്റ്റിയറിംഗ് ക്രമീകരണമുള്ള ഡ്യൂട്ടി പാറ്റേണിലേയ്ക്ക് മാറ്റപ്പെടുകയുണ്ടായി. ടി സമയത്ത് യാത്രക്കാർ കുറവായതിനാലും ആയതിൽ വരുമാന നഷ്ടം ഉണ്ടായതിനാലും പ്രസ്തുത ഷെഡ്യൂളിലെ ടി ട്രിപ്പ് ഒഴിവാക്കേണ്ടതായി വന്നു. നിന്നുപോയ സർവ്വീസുകൾ / ട്രിപ്പുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിൽ നഷ്ടത്തിലോടുന്ന ട്രിപ്പുകൾ ഉൾപ്പെടുത്തി എത്രയും വേഗം സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവൃത്തി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ